TRIDA **Thiruvananthapuram Development Authority**
Jayamansion, Vazhuthacaud, Sasthamangalam. P.O.,Thiruvananthapuram – 695 010.
Phone: 2722748, 2722238, 2723177 Fax: 2726615
email: tridasecretary@gmail.com website: www.trida.kerala.gov.in

നമ്പർ-ഇ1/2289/2017/ട്രിഡാ

01.09.2018

## ക്വട്ടേഷൻ/ലേലനോട്ടീസ്

തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പാളയം, കേശവദാസപുരം, പേട്ട എന്നീവിടങ്ങളിലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ പരിസരങ്ങളിൽ പരസ്യ ബോർഡുകൾ ഒരു വർഷത്തേയ്ക്ക് സ്ഥാപിക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. വിശദാംശങ്ങൾ ചുവടേ ചേർക്കുന്നു.

നിർദ്ദിഷ്ട ഫോറത്തിലുള്ള ക്വട്ടേഷനുകൾ 2018 സെപ്റ്റംബർ മാസം 12-ാം തീയതി വൈകുന്നേരം 3 മണിക്ക് മുമ്പായി 10,000/- രൂപ നിരതദ്രവ്യമുൾപ്പെടെ വഴുതയ്ക്കാട്ടുള്ള ട്രിഡ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ലേലം 2018 സെപ്റ്റംബർ മാസം 13-ാം തീയതി രാവിലെ 11.30 മണിയ്ക്ക് ട്രിഡ ഓഫീസിൽ വച്ച് നടത്തുന്നതും ലേലത്തിന് ശേഷം സീലു ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ അന്നേ ദിവസം രാവിലെ 11.30 മണിയ്ക്ക് മുമ്പായി ട്രിഡാ ഓഫീസിൽ ഹാജരാകേണ്ടതാണ്. താൽപര്യമുള്ളവർക്ക് നിർദ്ദിഷ്ട നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചതിന് ശേഷം കോൺട്രാക്ടറിനെ നിശ്ചയിക്കുന്നതായിരിക്കും. ഒരു വർഷത്തേയ്ക്കുള്ള നിരക്കും സെക്യൂരിറ്റി ഡെപ്പോസിറ്റും ട്രിഡ നിശ്ചയിക്കുന്ന തീയതിയിൽ ഒറ്റ തവണയായി അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ/ലേലം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

| നമ്പർ | സ്ഥലം | വിസ്തീർണ്ണം |
|---|---|---|
| 1. | പാളയം സാഫല്യം കോംപ്ലക്സിന്റെ മുൻവശം | 70 ചതുരശ്ര മീറ്റർ |
| 2. | പാളയം സി ബ്ലോക്ക് കെട്ടിടത്തിന്റെ മുകളിൽ | 70 ചതുരശ്ര മീറ്റർ |
| 3. | കേശവദാസപുരം കേദാരം കോംപ്ലക്സിന്റെ മുൻവശം | 70 ചതുരശ്ര മീറ്റർ |
| 4. | പേട്ട റീഹാബിലിറ്റേഷൻ ബ്ലോക്കിന് മുകളിൽ | 56 ചതുരശ്ര മീറ്റർ |

വിശദ വിവരങ്ങൾക്ക് ട്രിഡ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

# തിരുവനന്തപുരം വികസന അതോറിറ്റി

**ട്രിഡയുടെ വാണിജ്യസമുച്ചയങ്ങളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ.**

1. കരാർ കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.
2. ക്വട്ടേഷനോടൊപ്പം ക്വട്ടേഷനറുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ ആയ ആധാർ/വോട്ടേഴ്സ് ഐ.ഡി/പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പിയും, ഫോൺ നമ്പറും ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. സെക്യൂരിറ്റി ഡെപ്പോസിറ്റായി 20,000/- ..രൂപ തുക ഒടുക്കേണ്ടതാണ്.
4. ക്വട്ടേഷൻ ലേലത്തിൽ സ്ഥിരപ്പെടുത്തുന്ന കരാറുകാരന് ട്രിഡയിൽ നിന്നും നോട്ടീസ് നൽകുന്നതാണ്. ടി നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം കരാർ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കി കരാർ ചമയ്ക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം ഇ.എം.ഡി ആയി ഒടുക്കിയ തുക ട്രിഡ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതായിരിക്കും.
5. ഇലക്ട്രിസിറ്റി ചാർജ്ജ് തുടങ്ങി പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ടു വരുന്ന എല്ലാവിധ ചാർജ്ജുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
6. പരസ്യ ബോർഡ്/ഹോർഡിംഗ്സ് സ്ഥാപിക്കുമ്പോൾ കെട്ടിടത്തിന്റെ സ്ട്രക്ച്ചറിന്റെ യാതൊരു വിധ കേടുപാടുകളും സംഭവിക്കാൻ പാടുള്ളതല്ല. കൂടാതെ മേൽ സൂചിപ്പിച്ച സാമഗ്രികൾ മണിക്കൂറിൽ 100 കി.മീ വേഗത്തിൽ വീശുന്ന കാറ്റ്, റിക്ടർ സ്കെയിലിൽ മൂന്ന് യൂണിറ്റ് വരെ രേഖപ്പെടുത്തുന്ന ഭൂചലനം തുടങ്ങിയവയിലും നിലനിൽക്കുമെന്ന് ഒരു എ ക്ലാസ് സ്ട്രക്ച്ചറൽ കൺസൾട്ടന്റിന്റെ സാക്ഷ്യപത്രം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്.
7. പ്രദർശിപ്പിക്കുന്ന പരസ്യങ്ങളുടെ ഉള്ളടക്കം സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കും. ഇത് സംബന്ധിച്ചുണ്ടാകുന്ന പരാതികൾ കരാറുകാരൻ തന്നെ പരിഹരിക്കേണ്ടതും എന്നാൽ സ്ഥാപനത്തിന് കളങ്കമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ ട്രിഡ സ്വീകരിക്കുന്നതുമാണ്.
8. കോംപ്ലക്സുകളിലെ മറ്റ് കച്ചവടക്കാർക്കോ പൊതുജനങ്ങൾക്കോ ഹോർഡിംഗ്സ് സ്ഥാപിക്കുന്നത് വഴി യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടാകാൻ പാടുള്ളതല്ല.
9. പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് വഴി യാതൊരു വിധത്തിലുമുള്ള അപകടങ്ങളും ഉണ്ടാകില്ല എന്ന് കരാറുകാരൻ ഉറപ്പ് വരുത്തേണ്ടതാണ്. അപകടങ്ങൾ സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് ആയിരിക്കും.
10. നിയമവിരുദ്ധമായതോ, സർക്കാർ നയങ്ങൾക്കെതിരായുള്ളതോ മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലുള്ളതോ ആയ ദൃശ്യങ്ങളോ വാചകങ്ങളോ പരസ്യത്തിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.
11. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ അതാത് കോംപ്ലക്സുകളുടെ ചുമതലയുള്ള ട്രിഡയുടെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അറിവോടുകൂടിയും അവരുടെ സാന്നിദ്ധ്യത്തിലുമാണ് ചെയ്യേണ്ടത്.
12. കരാർ കാലാവധി അവസാനിക്കുമ്പോൾ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനായി സ്ഥാപിച്ച സാമഗ്രികൾ കരാറുകാരൻ ഉപാധികൾ ഒന്നുമില്ലാതെ രണ്ട് ആഴ്ച്ചയ്ക്കകം നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് .തുക ഫൈൻ ആയി ഈടാക്കുന്നതാണ്.
13. മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ട്രിഡയിൽ നിക്ഷിപ്തമായിരിക്കും.
14. ക്വട്ടേഷൻ/ലേലത്തെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

Prasanth

സെക്രട്ടറി

Nj/-